DESPATCHED On 20/11/21

05/11/21


സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471-2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in


ഹർജി നമ്പർ **AP.No.237(5)/20/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 1569 /SIC-G7/2020**

സന്നിഹിത
ശ്രീമതി ശ്രീലത. പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീ. സുധാകരൻ. പി.കെ,**
**പൊൻപനാൽ,**
**വെണ്മണി പി.ഒ,**
**ഇടുക്കി, കഞ്ഞിക്കുഴി.** — **അപ്പീൽഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ഇടുക്കി – കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**കഞ്ഞിക്കുഴി പി.ഒ, ഇടുക്കി.**

**അപ്പീൽ അധികാരി &**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,**
**പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,**
**ഇടുക്കി, തൊടുപുഴ.** — **എതിർകക്ഷികൾ**

**ഉത്തരവ്**

| | |
|---|---|
| **6(1) അപേക്ഷ തീയതി** | 26.09.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 24.10.2019, |
| ഒന്നാംഅപ്പീൽ | 15.11.2019 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 27.11.2019 |
| രണ്ടാംഅപ്പീൽ | 11.01.2018 |
| ഹിയറിംഗ് തീയതി | 23.10.2020, 21.07.2021 |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, കെട്ടിട നമ്പർ **XVII/408 A** ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയും ബന്ധപ്പെട്ട രേഖയും ഉടമസ്ഥാവകാശ രേഖ ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയുടെയും അനുബന്ധ രേഖയുടെയും പകർപ്പുകൾ, ടി അപേക്ഷ പ്രകാരം ലഭിച്ച നം. സി3/3614/2019 തീയതി 22.05.2019 ഉടമസ്ഥാവകാശ സാക്ഷ്യപത്രത്തിന്റെയും പകർപ്പുകൾ എന്നിവയാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷിയിൽ നിന്ന് വിവരവും പകർപ്പും ലഭിക്കാത്തതിനെ തുടർന്ന് കമ്മീഷന് രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. രണ്ട് തീയതികളിലായി നടന്ന ഹിയറിംഗിൽ അപ്പീൽഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ഹാജരായിരുന്നു.

3. ഇടുക്കി ജില്ലയിലെ വണ്ണപ്പുറം ചേലച്ചുവട് പി.ഡബ്ല്യൂ.ഡി സംസ്ഥാന പാത കടന്നു പോകുന്ന വെൺമണി ജംഗഷനിൽ ടി പാതയുടെ തെക്ക് ഭാഗത്ത് പട്ടയം ഇല്ലാത്ത സ്ഥലത്ത് 2018-19 ൽ നിയമം ലംഘിച്ച് പണികഴിപ്പിച്ചതാണ് ടി XVII/408 A കെട്ടിടം എന്നും ടി കെട്ടിടത്തിന് പട്ടയം ലഭിക്കുന്നതിന് വേണ്ടി സുധാകരൻ പൊൻപനാൽ എന്ന അപ്പീൽഹർജിക്കാരന്റെ വ്യാജ അപേക്ഷയിൽ വ്യാജ മൊബൈൽ നമ്പർ ചേർത്ത് കൈയ്യൊപ്പ് വ്യാജമായി പതിച്ച് വ്യാജമായി തിരിച്ചറിയൽ കാർഡും ചേർത്ത് സമർപ്പിച്ച അപേക്ഷ 20.02.2019 തീയതി സി3-1629/2019 നമ്പർ പ്രകാരമുള്ള കെട്ടിട നം. XVII/408 A തരപ്പെടുത്തി എന്നും ടി നമ്പർ കെട്ടിടത്തിന്റെ നികുതിയായി 788/- രൂപ 2020 മാർച്ച് വരെ ടിയാന്റെ പേരിൽ ഒടുക്കിയിരുന്നു എന്നും വീണ്ടും വ്യാജ അപേക്ഷ പ്രകാരം ടിയാന്റെ പേരിൽ വ്യാജ ഉടമസ്ഥാവകാശ സാക്ഷ്യപത്രവും നൽകിയിരുന്നു എന്നും 2018-19 ൽ പണികഴിപ്പിച്ച കെട്ടിടത്തിന് 2013-14 മുതൽ മുൻകാല പ്രാബല്യത്തിൽ വ്യാജ സാക്ഷ്യപത്രമാണ് വാങ്ങിയിട്ടുള്ളത് എന്നും ടി രേഖയുടെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ് അപ്പീൽഹർജിക്കാരൻ അറിയിച്ചത്.

4. അപ്പീൽഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഓഫീസ് രേഖകൾ പരിശോധിക്കുകയും 17/408 എ എന്ന കെട്ടിടത്തിന്റെ നമ്പർ ലഭിക്കുന്നതിനു വേണ്ടി നൽകിയിരുന്ന അപേക്ഷയുടെയും അനുബന്ധരേഖകളുടെയും പകർപ്പ് ടിയാന് നൽകിയിരുന്നു എന്നും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് ഈ ഓഫീസിൽ സമർപ്പിച്ച അപേക്ഷ, ടി കാലയളവിൽ ഐ.എസ്.ഒ സംബന്ധിച്ച് ഓഫീസ് നവീകരണവും നിർമ്മാണ പ്രവർത്തനങ്ങളും നടന്നിരുന്നതിനാലും ഫയലുകളും അപേക്ഷകളും വിവിധ ഭാഗങ്ങളിൽ ക്രമീകരിച്ചതിനാലും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള ടി അപേക്ഷ കണ്ടെത്താൻ സാധിച്ചില്ല എന്നും അപ്പീൽ അധികാരിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനുള്ള പരാമർശ അപേക്ഷ കണ്ടെത്തുന്നതിന് തിരച്ചിൽ നടത്തി എങ്കിലും പ്രസ്തുത അപേക്ഷ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും അറിയിച്ചു.

5. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, 22.052019 തീയതിയിലെ സി3/3614/2019 ഉടമസ്ഥാവകാശ അപേക്ഷയുടെയും സാക്ഷ്യപത്രത്തിന്റെയും പകർപ്പ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. അപ്പീൽ ഹർജിക്കാരൻ വാദിക്കുന്നത്, ഇടുക്കി ജില്ലയിൽ വണ്ണപ്പുറം- ചെലച്ചുവട് പി.ഡബ്ല്യു.ഡി സംസ്ഥാന പാത കടന്നു പോകുന്ന വെൺമണി ജംഗ്ഷനിൽ ടി പാതയുടെ തെക്ക് വശത്ത് പട്ടയം ഇല്ലാത്ത സ്ഥലത്ത് 2018-2019 ൽ നിയമം ലംഘിച്ച് പണികഴിപ്പിച്ച കെട്ടിടത്തിന് പഞ്ചായത്ത് നമ്പർ ലഭിക്കുവാൻ ടിയാന്റെ പേരിൽ വ്യാജ മൊബൈൽ നമ്പരും വ്യാജ ഒപ്പും വ്യാജ തിരിച്ചറിയൽ കാർഡും പതിപ്പിച്ച് അപേക്ഷ നൽകിയാണ് XVII/408 A പ്രകാരമുള്ള കെട്ടിട നമ്പർ തരപ്പെടുത്തി എടുത്തത് എന്നും ഇപ്രകാരം വ്യാജരേഖ ചമച്ചാണ് ഉടമസ്ഥാവകാശ സാക്ഷ്യപത്രം വാങ്ങിയത് എന്നും ടി നമ്പർ കെട്ടിടത്തിന് 2020 മാർച്ച് വരെ ടിയാന്റെ പേരിൽ കരം ഒടുക്കിയിരുന്നു എന്നും 2018 -19 ൽ പണികഴിപ്പിച്ച കെട്ടിടത്തിന് 2013-14 മുൻകാല്യ പ്രാബല്യത്തോടെയാണ് വ്യാജ സാക്ഷ്യപത്രം നൽകിയിരിക്കുന്നത് എന്നും ആയതുകൊണ്ട് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ്.

6. അപ്പീൽഹർജിക്കാരൻ അറിയിച്ചതുപോലെ വ്യാജരേഖ ചമച്ചാണ് ഉടമസ്ഥാവകാശ സാക്ഷ്യപത്രം കക്ഷികൾ വാങ്ങിയത് എങ്കിൽ അത് ഗുരുതരമായ വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. ആകയാൽ അപ്പീൽവാദിയുടെ മൊഴിയും സ്റ്റേറ്റ്മെന്റും കമ്മീഷൻ ഗൗരവത്തിൽ എടുത്തുകൊണ്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

   a. 24.10.2019 ൽ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ പരാമർശിച്ച രേഖകൾ സൗജന്യമായി നൽകുക

   b. 22.05.2019 തീയതിയിലെ സി3-3614/2019 നമ്പർ ഉടമസ്ഥാവകാശ അപേക്ഷയുടെയും സാക്ഷ്യപത്രത്തിന്റെയും പകർപ്പ് കണ്ടെത്തി നൽകുക

   c. വ്യാജരേഖ നൽകിയാണ് കക്ഷികൾ ഉടമസ്ഥാവകാശ സാക്ഷ്യപത്രം നൽകിയിട്ടുള്ളതെങ്കിൽ അതിന്റെ നിജസ്ഥിതി അന്വേഷിച്ച് അറിയുക

   d. അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള XVII/408 A നമ്പർ കെട്ടിടം നിലവിൽ ആരാണ് കരം ഒടുക്കുന്നത്?

e. 2018- 19 ൽ പണികഴിപ്പിച്ച XVII/408 A നമ്പർ കെട്ടിടത്തിന് 2013-14 മുതൽ മുൻകാലപ്രാബല്യത്തിൽ വ്യാജസാക്ഷ്യപത്രം വാങ്ങിയിരിക്കുന്നത് എന്ന് അപ്പീൽഹർജിക്കാരൻ അറിയിച്ച സാഹചര്യത്തിൽ, ടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയ വർഷം, ഇതുമായി ബന്ധപ്പെട്ട മറ്റ് രേഖകൾ എന്നിവ കമ്മീഷനിൽ അയച്ചു നൽകേണ്ടതാണ്

7. മേൽ പരമാർശിച്ച നിർദ്ദേശങ്ങളിൽ a,b ഖണ്ഡികയിലെ വിവരം അപ്പീൽ ഹർജിക്കാരന് നൽകേണ്ടതും, c,d,e യിൽ പരാമർശങ്ങൾ/ നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് രേഖകൾ സഹിതവും ഈ ഉത്തരവ് കിട്ടി 20 ദിവസത്തിനുള്ളിൽ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നു.

8. ഇപ്രകാരം ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 5-ാം തീയതി താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്
കമ്മീഷൻ സെക്രട്ടറി